മഴവില്ല്
ട്രാൻസ്ജെന്റർ സമൂഹത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതി

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്

# ട്രാൻസ്ജെൻഡർ/ഇന്റർസെക്സ് വ്യക്തികളുടെ ആരോഗ്യപരിചരണ മാർഗ്ഗരേഖയും പ്രോട്ടോകോൾ രൂപീകരണവും





## ദ്വിദിന ശില്പശാല

**2023 ജൂൺ 20 & 21**

**സ്ഥലം:**
**ഐ.എം.ജി, തിരുവനന്തപുരം**

**ഉദ്ഘാടനം: 2023 ജൂൺ 20-ന് രാവിലെ 10:00 മണിക്ക്**

**ഡോ. ആർ. ബിന്ദു**
**ബഹു. ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി**

sjd.kerala.gov.in
swdkerala@gmail.com
0471-2306040

മാന്യരേ,

സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. രാജ്യത്തെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഭരണഘടന മുന്നോട്ട് വയ്ക്കുന്ന ലിംഗനീതിയും ലിംഗസമത്വവും ഉറപ്പാക്കുന്നതിനുമായി 2014 ഏപ്രിലിൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിൽ കേരളം ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യസംസ്ഥാനമായി മാറിയിരുന്നു.

പ്രായപൂർത്തിയാകുന്നതിനനുസരിച്ച് ഒരു വ്യക്തിയ്ക്ക് തന്റെ വ്യക്തിബോധത്തിന് അനുസൃതമല്ലാത്ത ശരീരത്തിനോടും, സെക്സിനോടും പൊരുത്തക്കേടുണ്ടാകുകയും അതിന്റെ ഭാഗമായി ആത്മസംഘർഷം അനുഭവിക്കേണ്ടിവരികയും ചെയ്യുന്നു. ആ പൊരുത്തക്കേടിനു ഒരു പരിധിവരെ ആശ്വാസമാകുന്നത് ജെൻഡർ അഫിർമേഷൻ ശസ്ത്രക്രിയകളും അനുബന്ധ ചികിത്സകളുമാണ്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം 2019-ലെ സെക്ഷൻ 5(d) പ്രകാരം ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ WPATH മാർഗ്ഗരേഖയനുസരിച്ച് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള മാർഗ്ഗരേഖ രൂപീകരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ സംബന്ധമായ വിഷയങ്ങളിൽ പഠനം നടത്തുന്നതിനായി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള വിദഗ്ധ ആരോഗ്യ സമിതിയുടെ നിർദ്ദേശപ്രകാരം ട്രാൻസ്ജെൻഡർ/ഇന്റർസെക്സ് വ്യക്തികളുടെ അടിസ്ഥാന ആവശ്യങ്ങൾ മുൻനിർത്തി അഭിപ്രായങ്ങൾ സ്വരൂപിച്ച് ആരോഗ്യ വകുപ്പിന്റെ പങ്കാളിത്തത്തോട് കൂടി ടി വ്യക്തികളുടെ ആരോഗ്യ പരിചരണത്തിനായുള്ള മാർഗ്ഗരേഖയും (Standards of Care) പ്രോട്ടോകോളും രൂപീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഐ.എം.ജി-യിൽ വച്ച് ദ്വിദിന ശില്പശാല സംഘടിപ്പിക്കുന്നു. ശില്പശാലയുടെ ഉദ്ഘാടനം ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് **ഡോ. ആർ ബിന്ദു** അവർകൾ നിർവഹിക്കുന്നു.

പ്രസ്തുത പരിപാടിയിലേക്ക് ഏവരെയും സവിനയം ക്ഷണിച്ചു കൊള്ളുന്നു.

**ഡോ. ഷർമിള മേരി ജോസഫ് IAS**
(പ്രിൻസിപ്പൽ സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്)

**ശ്രീ. ചേതൻ കുമാർ മീണ IAS**
(ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്)

# കാര്യപരിപാടി

## ഔദ്യോഗിക ഉദ്ഘാടനം (10:00 am–11:00 am)

| | | |
|---|---|---|
| സ്വാഗതം | : | **ശ്രീ. കെ. ജയകുമാർ IAS (Rtd)**<br>(ഡയറക്ടർ, IMG) |
| അദ്ധ്യക്ഷ | : | **ഡോ. ഷർമിള മേരി ജോസഫ് IAS**<br>(പ്രിൻസിപ്പൽ സെക്രട്ടറി,<br>സാമൂഹ്യനീതി വകുപ്പ്) |
| ശില്പശാല ഉദ്ഘാടനം | : | **ഡോ. ആർ. ബിന്ദു**<br>ബഹു. ഉന്നത വിദ്യാഭ്യാസ–<br>സാമൂഹ്യനീതി വകുപ്പ് മന്ത്രി |
| മുഖ്യാതിഥികൾ | : | **പ്രൊഫ. മിനി സുകുമാരൻ**<br>(പ്ലാനിംഗ് ബോർഡ് അംഗം)<br>**ശ്രീ. ജീവൻ ബാബു. കെ IAS**<br>(സ്റ്റേറ്റ് മിഷൻ ഡയറക്ടർ, NHM)<br>**ഡോ. സഞ്ജയ് ശർമ്മ**<br>(IPATH–പ്രസിഡന്റ്, WPATH ബോർഡ് മെമ്പർ) |
| ആശംസകൾ | : | **ഡോ. അനിഷ്യ ജയദേവ്**<br>(അസോസിയേറ്റ് പ്രൊഫസർ, IMG) |
| കൃതജ്ഞത | : | **ശ്രീ. ചേതൻ കുമാർ മീണ IAS**<br>(ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്) |

മഴവില്ല്
ട്രാൻസ്ജെന്റർ സമൂഹത്തിന്
വേണ്ടിയുള്ള സമഗ്ര പദ്ധതി

SOCIAL JUSTICE DEPARTMENT
care, protection & empowerment

മഴവില്ല്
ട്രാൻസ്ജെൻഡർ സമൂഹത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതി





വർണ്ണപ്പകിട്ട് 2022



സംസ്ഥാന ട്രാൻസ്ജെൻഡർ അവാർഡ്



യത്നം പദ്ധതി



പിയർ സപ്പോർട്ട് ശിൽപ്പശാല



സംരംഭകത്വ പരിശീലനം